**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **11-06-2024 - ൽ മറുപടിയ്ക്ക്**

**സോളാർ വൈദ്യുതോല്പാദനത്തിന് ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. പി. കെ. ബഷീർ, ഡോ. എം. കെ. മുനീർ , ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സോളാർ വൈദ്യുതോല്പാദനത്തിന് സർക്കാർ ഡ്യൂട്ടി ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963-ന്റെ സെക്ഷൻ 5എ പ്രകാരം, സ്വയം ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഡ്യൂട്ടി ഈടാക്കുന്നുണ്ട്. ഇതിന്റെ നിരക്ക് 2024-25-ലെ ധനകാര്യ ബിൽ പ്രകാരം യൂണിറ്റൊന്നിന് 1.2 പൈസയിൽ നിന്നും 15 പൈസ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ സൗരോർജ സ്രോതസ്സ് ഉപയോഗിച്ച് വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നവരെ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത ഡ്യൂട്ടി ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേന്ദ്ര ഊർജ്ജമന്ത്രാലയം 25.10.2023-ൽ പുറപ്പെടുവിച്ച പരിപത്രപ്രകാരം താപോർജം, ജലോർജം, പവനോർജം, സൗരോർജം, ആണവോർജം തുടങ്ങിയ എല്ലാ വിഭാഗം സ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുതോത്പാദനത്തിന് നികുതി/ ഡ്യൂട്ടി/ സെസ്സ് ഈടാക്കരുതെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിരുന്നു.<br><br>ഇതിന്റെ നിയമവശം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുരപ്പുറ സൗരോർജ്ജ ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. ചുമത്തുന്ന തുക കൂടുന്നതിനു കാരണം പ്രസ്തുത ഡ്യൂട്ടിയാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | പുരപ്പുറ സോളാർ ഉപഭോക്താക്കളുടെ ബിൽ തുക കൂടുന്നതിനുള്ള കാരണം, മേൽപ്പറഞ്ഞ ഡ്യൂട്ടി മാത്രമല്ല, മറിച്ച് വേനൽക്കാലത്ത് ഉപഭോഗത്തിലുണ്ടായ വർദ്ധനവുമാണ്. സോളാർ ഉപഭോക്താക്കളുടെ മുൻസാമ്പത്തിക വർഷത്തിലെ മുൻമാസങ്ങളിൽ മിച്ചമുള്ള വൈദ്യുതി 31.03.2024-ൽ തീർപ്പാക്കിയിരുന്നു. ആയതിനാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ മുൻകാലങ്ങളിലെ പോലെ ഉപഭോഗത്തിൽ തട്ടിക്കിഴിക്കാൻ നീക്കിയിരിപ്പ് യൂണിറ്റ് ഇല്ലാത്തതിനാൽ KSEB യുടെ ഗ്രിഡിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | കൊടുത്തതിനേക്കാൾ കൂടുതൽ വൈദ്യുതി ഗ്രിഡിൽ നിന്നെടുത്ത സോളാർ വൈദ്യുതി ഉത്പാദകർക്ക് സ്വാഭാവികമായും ഈ മാസങ്ങളിൽ വൈദ്യുതി ബിൽ തുക കൂടുതലായിരിക്കും. |
| (ഡി) | വൈദ്യുതി ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി.യ്ക്ക് നൽകുന്ന ഓൺഗ്രിഡ് ഉല്പാദക-ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഡ്യൂട്ടി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ